പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2853 22.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്ക് ശമ്പളം കൃത്യമായി വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നു വിശദമാക്കുമോ ? | എ) ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നുമാണ് ശമ്പളം നല്കുന്നത്. ശമ്പളം നല്കാനുള്ള അഡ്മിനിസ്ട്രേഷൻ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് അവർ ആവശ്യപ്പെട്ടതനുസരിച്ച് 2016 ജനുവരി മാസം വരെ ഗ്രാമവികസന കമ്മീഷണറുടെ ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചു നല്കിയിട്ടുണ്ട്. ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡുവിന്റെ അപേക്ഷകൾ, (അനുബന്ധ രേഖകൾ സഹിതം) യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ